CYAN MAGENTA YELLOW BLACK

ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

പള്ളിയറ ശ്രീധരൻ

# അഗസ്റ്റിൻ ലൂയിസ് കോഷി

ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ 1789ൽ അഗസ്റ്റിൻ ലൂയിസ് കോഷി ജനിച്ചു. ഫ്രഞ്ച് വിപ്ലവത്തിന്റെ കാലമായതിനാൽ പാരീസിലെ ജീവിതം അപകടം നിറഞ്ഞതായിരുന്നു. അതുകാരണം കോഷിക്ക് നാലുവയസ്സായപ്പോൾ പാരീസ് നഗരം വിട്ട് അർക്യൂൾ എന്ന സ്ഥലത്തേക്ക് കുടുംബം താമസം മാറ്റി. അവിടെ ജീവിതം ദുരിതപൂർണമായിരുന്നു. മിക്ക ദിവസങ്ങളിലും പട്ടിണി. താമസിയാതെ അവർ പാരീസിൽ തിരിച്ചെത്തി. മകന് നല്ല വിദ്യാഭ്യാസം നല്കുന്നതിൽ പിതാവ് ശ്രദ്ധിച്ചു.

പ്രസിദ്ധ ഗണിതശാസ്ത്രജ്ഞന്മാരായ ലാപ്ളസും ലഗ്രാൻഷും കോഷി കുടുംബത്തിലെ സന്ദർശകരായിരുന്നു. അവരുടെ സഹവർത്തിത്വം കോഷിയിൽ ഗണിതതാത്പര്യം വളർത്തി. ഗണിതശാസ്ത്രം പഠിക്കുന്നതിനു മുമ്പ് ഭാഷാവിജ്ഞാനം നല്കണമെന്ന് ലഗ്രാൻഷെ കോഷിയുടെ പിതാവിനോട് നിർദേശിച്ചു. 1802ൽ കോഷി ഇക്കോളിലെ ഒരു വിദ്യാലയത്തിൽ നിന്ന് ഭാഷാപഠനം പൂർത്തിയാക്കി. ആധുനികകാലത്തെ ഗണിതശാസ്ത്രജ്ഞന്മാരിൽ ഏറ്റവും കൂടുതൽ രചന നടത്തിയവരിൽ ഒരാളെന്ന സ്ഥാനം കൈവരിക്കാൻ ഈ ഭാഷ പഠനം കോഷിയെ സഹായിച്ചു.

■ ■ ■

**കോഷി അനുക്രമങ്ങൾ, കോഷിയുടെ ഇന്റേഗ്രൽ സിദ്ധാന്തം തുടങ്ങി അനേകം കണ്ടുപിടുത്തങ്ങൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ഒരു പക്ഷേ ഗണിതശാസ്ത്രത്തിൽ ഏറ്റവും കൂടുതൽ വസ്തുതകൾ ഒരേ ഗണിതശാസ്ത്രജ്ഞന്റെ പേരിൽ അറിയപ്പെടുന്നത് കോഷിയുടെ പേരിലായിരിക്കും. ഓയിലറിനുശേഷം ഏറ്റവും കൂടുതൽ ഗണിതശാസ്ത്രരചനകൾ നടത്തിയിട്ടുള്ളതും കോഷി തന്നെ. അദ്ദേഹത്തിന്റെ രചനകൾ 27 ബൃഹദ്‌വാല്യങ്ങളായി 'Oeuvres Completes d' Augustin Cauchy' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1857ൽ അദ്ദേഹം അന്തരിച്ചു.**

■ ■ ■



*അഗസ്റ്റിൻ ലൂയിസ് കോഷി*

**പ്രസിദ്ധ ഗണിതശാസ്ത്രജ്ഞന്മാരായ ലാപ്ളസും ലഗ്രാൻഷും കോഷി കുടുംബത്തിലെ സന്ദർശകരായിരുന്നു. അവരുടെ സഹവർത്തിത്വം കോഷിയിൽ ഗണിതതാത്പര്യം വളർത്തി. ഗണിതശാസ്ത്രം പഠിക്കുന്നതിനു മുമ്പ് ഭാഷാവിജ്ഞാനം നല്കണമെന്ന് ലഗ്രാൻഷെ കോഷിയുടെ പിതാവിനോട് നിർദേശിച്ചു. 1802ൽ കോഷി ഇക്കോളിലെ ഒരു വിദ്യാലയത്തിൽ നിന്ന് ഭാഷാപഠനം പൂർത്തിയാക്കി. ആധുനികകാലത്തെ ഗണിതശാസ്ത്രജ്ഞന്മാരിൽ ഏറ്റവും കൂടുതൽ രചന നടത്തിയവരിൽ ഒരാളെന്ന സ്ഥാനം കൈവരിക്കാൻ ഈ ഭാഷ പഠനം കോഷിയെ സഹായിച്ചു.**

1804 മുതൽ ഗണിതശാസ്ത്രപഠനം ആരംഭിച്ചു. 1807ൽ ഇക്കോൾ പോളിടെക്നിക്കിൽ നിന്ന് ബിരുദം നേടി. പിന്നീട് എഞ്ചിനീയറിംഗിന് ചേർന്നു. കോഷി സമർത്ഥനായ ഒരു വിദ്യാർത്ഥി ആയതിനാൽ ഔർഖ് കനാൽ പ്രൊജക്ടിന്റെ നിർമാണ ജോലിയിൽ സഹകരിക്കുന്നതിന് അവസരം ലഭിച്ചു. 1810ൽ നെപ്പോളിയന്റെ ഇംഗ്ലീഷ് ആക്രമണസേനയിൽ, തുറമുഖവുമായി ബന്ധപ്പെട്ട ജോലിയിൽ പ്രവേശിച്ചു.

ജോലിഭാരം ഏറെയുണ്ടായിട്ടും കോഷി ഗണിതഗവേഷണത്തിന് ധാരാളം സമയം കണ്ടെത്തി. ഒരു കോൺവെക്സ് പോളിഹെഡ്രന്റെ കോണുകൾ അതിന്റെ മുഖങ്ങളെക്കൊണ്ട് നിർണയിക്കാമെന്ന് 1811ൽ കോഷി കണ്ടുപിടിച്ചു. അതിനെപ്പറ്റിയുള്ള ലേഖനം പ്രസിദ്ധീകരിച്ചപ്പോൾ പോളിഹെഡ്രനെപ്പറ്റി ഇനിയും കണ്ടുപിടുത്തങ്ങൾ നടത്തണമെന്ന് നിരവധി ഗണിതശാസ്ത്രവിദഗ്ധർ നിർദേശിച്ചു.

1812ൽ വീണ്ടും കോഷി ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഗണിതഗവേഷണത്തിന് പാരീസിൽ പോകണമെന്ന് അദ്ദേഹത്തിന് തോന്നി. രോഗം പിടിപെട്ടതു കാരണം പാരീസിലേക്ക് പോകാൻ കഴിഞ്ഞില്ല. തന്റെ ആഗ്രഹപൂർത്തീകരണത്തിന് ഭംഗം നേരിട്ടതിനെതുടർന്ന് പാരീസിലെത്തിയ കോഷി, 1812ൽ തന്നെ സമമിത ഏകദങ്ങളെപ്പറ്റി ഒരു പ്രബന്ധം തയ്യാറാക്കി. 1815ൽ ഇക്കോൾ പോളിടെക്നിക്കിന്റെ ജേർണലിൽ ഈ ലേഖനം പ്രസിദ്ധീകരിച്ചു.

ആരോഗ്യം വീണ്ടെടുത്തതോടെ തിരിച്ചുപോകാതെ ഔർഖ് കനാൽ പ്രൊജക്ടിൽ തന്നെ കോഷി തുടർന്നു. ഗണിതഗവേഷണത്തിന് അക്കാദമിക്ക് ജോലിയാണ് സൗകര്യം എന്നതിനാൽ ആ വഴിക്ക് ശ്രമിക്കാൻ കോഷി തീരുമാനിച്ചു. പക്ഷെ ശ്രമം വിജയിച്ചില്ല. രാഷ്ട്രീയകാരണങ്ങളാൽ കനാൽ ജോലി നിർത്തിവെച്ചതിനാൽ ഒമ്പതുമാസം ജോലിയൊന്നുമില്ലാതെയാണ് കോഷി കഴിഞ്ഞത്. കൂടുതൽ ഗണിതഗവേഷണത്തിന് ഇത് അനുകൂല സാഹചര്യമൊരുക്കി.

1815ൽ ഇക്കോൾ പോളിടെക്നിക്കിൽ അസിസ്റ്റന്റ് പ്രൊഫസറായി കോഷി നിയമിക്കപ്പെട്ടു. പോളിഗണൽ സംഖ്യകളെപ്പറ്റിയുള്ള ഫെർമയുടെ ഒരു പ്രശ്നം പരിഹരിച്ചുകൊണ്ടുള്ള പ്രബന്ധം വഴി അദ്ദേഹത്തിന് നല്ല പ്രശസ്തി ലഭിച്ചു. ഫ്രഞ്ച് സയൻസ് അക്കാദമിയിൽ അദ്ദേഹത്തിന് പ്രവേശനം ലഭിച്ചു.

1817ൽ കോളജ് ഡി ഫ്രാൻസിൽ നിയമനം ലഭിച്ച കോഷി താൻ കണ്ടുപിടിച്ച ഇന്റഗ്രേഷൻ അവതരിപ്പിച്ചു. കാൽക്കുലസ്സിന്റെ വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇക്കോൾ പോളിടെക്നിക്കിലെ വിദ്യാർത്ഥികൾക്ക് പഠിക്കാനായി 1821ൽ 'കോർസ് ഡി അനലിസ്' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.

പാരീസിലെ രാഷ്ട്രീയ സ്ഥിതി കോഷിക്ക് അനുകൂലമല്ലാത്തതിനാൽ അദ്ദേഹം 1830 സെപ്റ്റംബറിൽ സ്വിറ്റ്സർലണ്ടിലേക്ക് പോയി. അവിടെയും സ്ഥിതി അദ്ദേഹത്തിന് അനുകൂലമായിരുന്നില്ല. പാരീസ് വിട്ടതുകാരണം അവിടെ അദ്ദേഹത്തിനുണ്ടായിരുന്ന എല്ലാ സ്ഥാനങ്ങളും നഷ്ടപ്പെട്ടു. 1831ൽ അദ്ദേഹം ട്യൂറിനിലേക്ക് പോയി. അവിടെ ഒരു അധ്യാപക ജോലി നേടി. 1833ൽ ട്യൂറിൻ വിട്ട് പ്രേഗിലേക്ക് പോയി. ചാൾസ് പത്താമന്റെ പൗത്രന് ട്യൂഷൻ നല്കാനാണ് പ്രേഗിൽ എത്തിയത്. പൗത്രനെ പഠിപ്പിക്കുന്നതിൽ കോഷിക്ക് വിജയിക്കാനായില്ല. അദ്ദേഹം പാരീസിൽ തന്നെ തിരിച്ചെത്തി.

ആധുനിക ഗണിതശാസ്ത്രത്തിന് വളരെ കനപ്പെട്ട സംഭാവനകളാണ് കോഷിയിൽ നിന്നുണ്ടായിട്ടുള്ളത്. ഡിറ്റർമിനന്റ് എന്നത് ഒരു പ്രത്യേക ഗണിതശാസ്ത്രശാഖയായി രൂപപ്പെടുത്തിയത് അദ്ദേഹമാണ്. ആ പേരുപോലും നിർദേശിച്ചത് കോഷിയാണ്. കോഷി അനുക്രമങ്ങൾ, കോഷിയുടെ ഇന്റേഗ്രൽ സിദ്ധാന്തം തുടങ്ങി അനേകം കണ്ടുപിടുത്തങ്ങൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

ഒരു പക്ഷേ ഗണിതശാസ്ത്രത്തിൽ ഏറ്റവും കൂടുതൽ വസ്തുതകൾ ഒരേ ഗണിതശാസ്ത്രജ്ഞന്റെ പേരിൽ അറിയപ്പെടുന്നത് കോഷിയുടെ പേരിലായിരിക്കും. ഓയിലറിനുശേഷം ഏറ്റവും കൂടുതൽ ഗണിതശാസ്ത്രരചനകൾ നടത്തിയിട്ടുള്ളതും കോഷി തന്നെ. അദ്ദേഹത്തിന്റെ രചനകൾ 27 ബൃഹദ്‌വാല്യങ്ങളായി 'Oeuvres Completes d' Augustin Cauchy' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1857ൽ അദ്ദേഹം അന്തരിച്ചു.



*കെ.എസ്.സി.(എം) സംസ്ഥാന കമ്മിറ്റിയുടെ അനുമോദനയോഗത്തിൽ ജോസ് കെ.മാണി എം.പി.യെ സംസ്ഥാന പ്രസിഡണ്ട് റോണി മാത്യു സ്വീകരിക്കുന്നു. ടോബിൻ കെ. അലക്സ്, ടിജോ മണ്ണൂർ എന്നിവർ സമീപം.*

CYAN MAGENTA YELLOW BLACK

വിശകലനം

ജോർജ് കുറ്റിക്കാട്ട്,
ജർമനി

# യാഥാസ്ഥിതിക മേല്ക്കോയ്മയിൽ യൂറോപ്യൻ യൂണിയൻ

**2009** ജൂൺ ഏഴാം തീയതി ഇരുപത്തിയേഴ് അംഗരാഷ്ട്രങ്ങളുള്ള യൂറോപ്യൻ യൂണിയന്റെ പാർലമെണ്ടിലേക്ക് നടന്ന തെരഞ്ഞെടുപ്പു ഫലം എല്ലാ പ്രവചനങ്ങളും തെറ്റിക്കുന്നതായിരുന്നു. 161 മില്യൺ വോട്ടർമാർ പങ്കെടുത്ത ഈ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ കണക്കുകൂട്ടലുകൾ ആകമാനം അട്ടിമറിക്കപ്പെട്ടു.

അംഗരാഷ്ട്രങ്ങളിലെ ചില രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ വിജയശതമാനം മെച്ചപ്പെടുത്താനുള്ള തേരോട്ടത്തിൽ നിലംപൊത്തി. വലതുപക്ഷ യാഥാസ്ഥിതിക ചേരി ഭൂരിപക്ഷം നേടി.

യൂറോപ്പിൽ ക്രിസ്ത്യൻ ഭൂരിപക്ഷമാണല്ലോ നിലനില്ക്കുന്നത്. യാഥാസ്ഥിതികർക്കും ക്രിസ്ത്യൻ ഡെമോക്രാറ്റുകൾക്കും യൂറോപ്യൻ ജനകീയ പാർട്ടിക്കും അവരുടെ ശക്തമായ കക്ഷിബലം യൂറോപ്യൻ പാർലമെണ്ടിൽ പുനഃപ്രതിഷ്ഠിക്കുവാൻ കഴിഞ്ഞു.

2004ലെ തെരഞ്ഞെടുപ്പിൽ യൂറോപ്യൻ പാർലമെണ്ടിൽ 785 പ്രതിനിധികൾ ഉണ്ടായിരുന്നു. 2009ൽ അത് 736 ആയികുറഞ്ഞു. അംഗരാജ്യങ്ങളിൽ നിന്നുള്ള മൊത്തം പോളിംഗ് 2004ലേതിലും 1.3 ശതമാനം കുറഞ്ഞു. 43.4 ശതമാനം മാത്രമായിരുന്നു 2009ലെ പോളിംഗ്. ജർമനി ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഭേദപ്പെട്ട പോളിംഗ് നടന്നപ്പോൾ മറ്റു ചില രാജ്യങ്ങളുടെ പങ്കാളിത്തം കുത്തനെ താഴേക്കു പോയി. 376 മില്യൺ വോട്ടർമാരുള്ള യൂറോപ്യൻ യൂണിയനിൽ 162 മില്യൺ വോട്ടർമാർ മാത്രമാണ് വോട്ടു ചെയ്തത്.

ജർമനിയിൽ 43.3 ശതമാനം പോളിംഗ് നടന്നു. കഴിഞ്ഞ തവണത്തെക്കാൾ 0.3 ശതമാനം കൂടുതൽ. അതായത് ഏകദേശം നാലുലക്ഷം വോട്ടർമാരുടെ കൂടുതൽ പങ്കാളിത്തം ഈ തെരഞ്ഞെടുപ്പിലുണ്ടായി. ഓസ്ട്രിയയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ഒട്ടുംതന്നെ കുറയാതെ 42 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

അംഗരാഷ്ട്രങ്ങളിൽ ഏറ്റവും കൂടുതൽ വോട്ടിങ് നടന്നത് ലക്സംബർഗിലും ബൽജിയത്തിലുമായിരുന്നു. അവിടങ്ങളിൽ നിന്നും 90 മുതൽ 93 ശതമാനം വരെ പങ്കാളിത്തം ഉണ്ടായി. മാൾട്ടയിൽ 78.8 ശതമാനം എന്ന തൃപ്തികരമായ പോളിംഗ് നടന്നു.

ഇറ്റലിയിൽ 66 ശതമാനവും ഇംഗ്ലണ്ടിൽ 34 ശതമാനവും പോളിംഗ് നടന്നു. സൈപ്രസ്, ഗ്രീസ് തുടങ്ങിയ അംഗരാജ്യങ്ങളിൽ കഴിഞ്ഞ തവണത്തേതിലും 50 ശതമാനം വോട്ടുകൾ കുറഞ്ഞുപോയി.

കണക്കുകൾ കൂട്ടിക്കിഴിച്ചു നോക്കുമ്പോൾ ഇത്തവണത്തെ യൂറോപ്യൻ യൂണിയൻ പാർലമെണ്ട് തെരഞ്ഞെടുപ്പിൽ അമേരിക്കൻ കോൺഗ്രസിന്റെ മധ്യകാല തെരഞ്ഞെടുപ്പുപോലെ വോട്ടർമാരുടെ നിസ്സഹകരണം പ്രകടമായിരുന്നു.

ഇരുപത്തിയേഴ് അംഗരാജ്യങ്ങളിലെ 736 പാർലമെണ്ടംഗങ്ങൾ രൂപീകരിക്കുന്ന യൂറോപ്യൻ കമ്മീഷൻ പുതിയ രാഷ്ട്രങ്ങളുടെ അംഗത്വകാര്യങ്ങളിലുൾപ്പെടെ നടപടികളെടുക്കാൻ ഉത്തരവാദപ്പെട്ടവരാണ്. വലതുപക്ഷ രാഷ്ട്രീയ ചായ്‌വിൽ യൂറോപ്യൻ യൂണിയൻ എത്തിനില്ക്കുന്നു. യാഥാസ്ഥിതികരുടെ മേധാവിത്വം തെരഞ്ഞെടുപ്പിനു ശേഷം കൂടുതൽ വ്യക്തമായിരിക്കുന്നു. മുസ്ലീം രാജ്യമായ തുർക്കിയെ അംഗരാഷ്ട്രമാക്കുന്നതിനുള്ള നടപടികൾക്ക് ഇപ്പോഴുണ്ടായിരിക്കുന്ന യാഥാസ്ഥിതികരുടെ ഭൂരിപക്ഷം പാർലമെണ്ടിൽ പ്രതിബന്ധം സൃഷ്ടിക്കുമോ എന്ന് ആശങ്കപ്പെടുന്നവരുമുണ്ട്.



*യൂറോപ്യൻ പാർലമെണ്ട്*

**ഇരുപത്തിയേഴ് അംഗരാജ്യങ്ങളിലെ 736 പാർലമെണ്ടംഗങ്ങൾ രൂപീകരിക്കുന്ന യൂറോപ്യൻ കമ്മീഷൻ പുതിയ രാഷ്ട്രങ്ങളുടെ അംഗത്വകാര്യങ്ങളിലുൾപ്പെടെ നടപടികളെടുക്കാൻ ഉത്തരവാദപ്പെട്ടവരാണ്. വലതുപക്ഷ രാഷ്ട്രീയ ചായ്‌വിൽ യൂറോപ്യൻ യൂണിയൻ എത്തിനില്ക്കുന്നു. യാഥാസ്ഥിതികരുടെ മേധാവിത്വം തെരഞ്ഞെടുപ്പിനു ശേഷം കൂടുതൽ വ്യക്തമായിരിക്കുന്നു.**

## യൂറോപ്യൻ യൂണിയൻ എന്ത്?

അമേരിക്കൻ ഐക്യനാടുകൾ പോലെയോ ഐക്യരാഷ്ട്ര സംഘടന പോലെയോ വ്യവസ്ഥാപിതമായ ഒരു കൂട്ടായ്മയല്ല യൂറോപ്യൻ യൂണിയൻ. ഇതിന് ഒരു രാഷ്ട്ര സംവിധാനമില്ല. ലോകത്തിൽ സമാനതകളില്ലാത്ത ഇതിന് ഒരു സവിശേഷ ഘടനയാണുള്ളത്. സമാധാനം കൈവരിക്കാനും അവകാത്തു സൂക്ഷിക്കാനും അതിലൂടെ രാഷ്ട്രങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കാനുമുള്ള ജനാധിപത്യരാജ്യങ്ങളുടെ ഐക്യമെന്ന് യൂറോപ്യൻ യൂണിയനെ വിശേഷിപ്പിക്കാം.

യൂറോപ്യൻ യൂണിയന്റെ വൈവിധ്യം നിറഞ്ഞ ചരിത്രം തന്നെ അനവധി നടപടിക്രമങ്ങളും വികാസ പ്രക്രിയകളും അടിവരയിട്ട് പാസ്സാക്കിപ്പോരുന്നതാണ്. 1951ൽ യൂറോപ്യൻ ഐക്യം എന്ന ആശയം ശക്തിപ്പെടുന്നതു മുതൽ അതിന്റെ ഘടനയും ചുമതലകളും അംഗങ്ങളുടെ എണ്ണവും നിരന്തരം മാറിക്കൊണ്ടിരുന്നു.

യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങൾ ഒരുമിച്ചുള്ള ഒരു ബോഡിയാണ്. ഈ സംവിധാനത്തിലുറച്ച ഒരു ഇൻസ്റ്റിട്യൂഷണൽ സമ്പ്രദായം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇതിലെ അംഗരാജ്യങ്ങൾ സ്വതന്ത്രമായി നിലകൊള്ളുന്ന പരമാധികാര രാഷ്ട്രങ്ങളാണ്. അവരുടെ പരമാധികാരം പരസ്പരം ആദരിക്കപ്പെടുന്നു.

ഇതിലൊരു രാജ്യവും തനിച്ചല്ല. അന്തർദേശീയ സ്വാധീനശക്തിയും ഉന്നതാധികാര അവകാശങ്ങളും ഒരേപോലെ തനതായി ആസ്വദിക്കുന്ന ഒരു കൂട്ടിലെ അംഗങ്ങളാണ് യൂറോപ്യൻ യൂണിയനിലുള്ളത്. പൗരന്മാരുടെ കേന്ദ്രീയ അടിസ്ഥാന അവകാശങ്ങൾ യൂണിയൻ സാർവത്രികമായി അംഗീകരിക്കുന്നു. യൂറോപ്യൻ തലത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ ജനാധിപത്യപരമായി കൈകാര്യം ചെയ്യുന്നതിനുള്ള വിവേചനാധികാരം അംഗരാജ്യങ്ങൾ തന്നെ ക്രമീകരിച്ചിരിക്കുന്നു.



*യൂറോപ്യൻ യൂണിയൻ പതാക*

പൊതുവായ കാര്യങ്ങളിലുള്ള യൂറോപ്യൻ യൂണിയന്റെ നടപടിക്രമങ്ങൾക്കും തീരുമാനങ്ങൾ കൈക്കൊള്ളലിനും വേണ്ടി മൂന്നു പ്രത്യേക തലത്തിലുള്ള ഭരണസംവിധാനമാണുള്ളത്.

പാർലമെണ്ട്, യൂറോപ്യൻ കൗൺസിൽ, യൂറോപ്യൻ കമ്മീഷൻ എന്നിവയ്ക്കു പുറമേ, യൂറോപ്യൻ കോടതി, യൂറോപ്യൻ അക്കൗണ്ടന്റ് ഓഫീസ് എന്നീ സുപ്രധാന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. റീജിയണൽ കമ്മിറ്റികൾ, യൂറോപ്യൻ സെൻട്രൽ ബാങ്ക്, അനവധി ബോർഡുകൾ എന്നിവയും യൂറോപ്യൻ യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്നു.

## യൂറോപ്യൻ പൗരത്വം

1993 മുതൽ യൂറോപ്യൻ പൗരത്വം ഔദ്യോഗികമായി നിലവിൽ വന്നു. ഇതുകൊണ്ട് അംഗരാജ്യങ്ങളിലെ പൗരത്വം ജനങ്ങൾക്ക് നഷ്ടമാകുന്നില്ല. അംഗരാജ്യങ്ങളുടെ പൗരത്വത്തിന് പൂരകവും അതിർത്തികൾക്കതീതവുമായ മറ്റനവധി നിയമാനുകൂല്യങ്ങൾ ഉറപ്പുനല്കുന്നതാണ് യൂറോപ്യൻ പൗരത്വം.

സാമൂഹിക രാഷ്ട്രീയ തത്ത്വസംഹിതയനുസരിച്ച് അംഗരാഷ്ട്രങ്ങളിലെ വിവിധ രാഷ്ട്രീയ സാമൂഹിക സ്ഥിതിവിശേഷങ്ങളുടെ മേലുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് ഏറെ പ്രാധാന്യമുണ്ട്. അതിനുള്ള വ്യക്തമായ ഉറപ്പും വ്യവസ്ഥ ചെയ്യുന്നു. രാഷ്ട്രം, കൃഷി, വാണിജ്യം, വിദേശ രാഷ്ട്രീയം, പരിസ്ഥിതി സംരക്ഷണം, തൊഴിൽ, സാമ്പത്തികശാസ്ത്രം, നിയമം എന്നിങ്ങനെ നിരവധി പ്രധാനപ്പെട്ട കാര്യങ്ങളിൽ അംഗരാജ്യങ്ങൾ തമ്മിൽ വ്യക്തമായ കരാറുകളുണ്ട്.

ഇത്തരം അനവധി ഉടമ്പടികളിലൂടെ യൂറോപ്യൻ യൂണിയനിലെ അംഗരാഷ്ട്രങ്ങളുടെ സഹകരണം ശക്തമായിത്തന്നെ മുന്നോട്ടു കൊണ്ടുപോകുന്നു.

കാലാനുസൃതമായി യൂറോപ്യൻ യൂണിയന്റെ ഘടനയിലും നയത്തിലും മറ്റും നിർദിഷ്ടമായ പുന:ക്രമീകരണങ്ങൾ നടത്തി ഐക്യം ഊട്ടിയുറപ്പിച്ച് മുന്നോട്ടു പോകുന്ന കീഴ്‌വഴക്കമാണുള്ളത്. ഇവയ്ക്ക് ഉപോദ്ബലകമായ പുതിയ പുതിയ കരാറുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1997ലെ ആംസ്റ്റർഡാം കരാർ, 2000ലെ നിസ്സാകരാർ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈ വിധത്തിൽ അംഗരാഷ്ട്രങ്ങൾക്കെല്ലാം തുല്യ പരിഗണനയും ബഹുമാനവും നല്കി ശക്തമായ ഒരു ഐക്യരാഷ്ട്ര സംവിധാനമായി യൂറോപ്യൻ യൂണിയൻ ആറു പതിറ്റാണ്ട് പൂർത്തിയാക്കാൻ പോകുന്നു.

CYAN MAGENTA YELLOW BLACK



# സംസ്ഥാനവികസനം അട്ടിമറിക്കുന്ന ഇടതുസർക്കാർ രാജിവെച്ചൊഴിയണം

**പി.ടി.ജോസ്**

ഭരണത്തിന് നേതൃത്വം നല്കുന്ന സിപിഎമ്മിനുള്ളിലെ ചേരിപ്പോരും ഇടതുമുന്നണിക്കുള്ളിലെ അന്ത:ച്ഛിദ്രങ്ങളും മൂലം സംസ്ഥാനവികസനം നിരന്തരം അട്ടിമറിക്കപ്പെടുന്ന സാഹചര്യത്തിൽ ഇടതുസർക്കാർ രാജിവെച്ചൊഴിയാൻ തയ്യാറാകണമെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ആവശ്യപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) കൊല്ലം ജില്ലാ കൺവെൻഷൻ കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കുട്ടനാട്, ഇടുക്കി കാർഷികപാക്കേജുകൾ സംസ്ഥാന സർക്കാരിന്റെ അലംഭാവവും കെടുകാര്യസ്ഥതയുംമൂലം കേന്ദ്രസർക്കാർ തിരിച്ചയച്ചിരിക്കുകയാണ്. ഒരു പദ്ധതി ആസൂത്രണം ചെയ്ത് സമർപ്പിക്കാൻപോലും കഴിയാത്ത സംസ്ഥാനസർക്കാർ കേരളത്തിലെ കർഷകരുടെ പ്രതീക്ഷയാണ് തല്ലിക്കെടുത്തിയിരിക്കുന്നത്.

നിരന്തരം കേന്ദ്രസർക്കാരിനെതിരെ ആക്ഷേപങ്ങൾ ഉന്നയിക്കുകയും തങ്ങളുടെ കർത്തവ്യങ്ങളിൽ നിന്ന് ഒളിച്ചോടുകയും ചെയ്യുന്ന മുഖ്യമന്ത്രിയും മന്ത്രിമാരും കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷക്കാലം കൊണ്ട് കാർഷികമേഖലയെ മൂന്ന് പതിറ്റാണ്ടോളം പിന്നോട്ട് നയിച്ചിരിക്കുകയാണ് ഇടതുസർക്കാർ.

കുട്ടനാട്ടിലെയും ഇടുക്കിയിലെയും മറ്റും കർഷകർ തങ്ങളുടെ അവസാന പ്രതീക്ഷയായിട്ടാണ് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത കുട്ടനാട്-ഇടുക്കി കാർഷിക പാക്കേജുകളെ കണ്ടിരുന്നത്. മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും തമ്മിൽ നിലനില്ക്കുന്ന അഭിപ്രായ ഭിന്നതയാണ് ഈ പാക്കേജുകൾ അനിശ്ചിതത്ത്വത്തിലാക്കിയിരിക്കുന്നത്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ കേന്ദ്രപദ്ധതികൾ ഒന്നൊന്നായി നേടിയെടുക്കുമ്പോൾ കേരളം, ഭരണമുന്നണിക്കുള്ളിലെ അഭിപ്രായഭിന്നതകൾ മൂലം കേന്ദ്രം വച്ചുനീട്ടുന്ന പദ്ധതികൾ പോലും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ജനങ്ങളെ ഇത്രത്തോളം വഞ്ചിച്ച ഒരു സർക്കാർ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. പാർട്ടി സെക്രട്ടറിയും മുഖ്യമന്ത്രിയും തമ്മിലുള്ള അധികാരവടംവലിയുടെ രക്തസാക്ഷി സ്മാരകങ്ങളായി കേരളത്തിൽ വിഭാവനം ചെയ്യപ്പെട്ട ഓരോ പദ്ധതിയും മാറിക്കൊണ്ടിരിക്കുകയാണ്. സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുടങ്ങിയവ ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണങ്ങളാണ്.



*കേരളാ കോൺഗ്രസ് (എം) കൊല്ലം ജില്ലാ കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചെയർമാൻ അറയ്ക്കൽ ബാലകൃഷ്ണപിള്ള, ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട്, കെ.അനിൽ, സക്കീർ ഹുസൈൻ, ഷാജിസാം പാലത്തടം, ജി.മുരുകദാസൻ നായർ എന്നിവർ സമീപം.*

മുഖ്യമന്ത്രിയും മന്ത്രിമാരും ഓരോരോ അധികാരകേന്ദ്രങ്ങളായിട്ടാണ് നിലകൊള്ളുന്നത്. ഒരു ബൃഹത്പദ്ധതിയായ സ്മാർട് സിറ്റിയെ സംബന്ധിച്ച് തന്റെ മന്ത്രിസഭയിലെ വ്യവസായ മന്ത്രിക്ക് യാതൊരു കാര്യവുമില്ലായെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. വികസനപദ്ധതികളുടെ കാര്യത്തിൽ പോലും സംസ്ഥാന മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്ത്വമോ അഭിപ്രായ ഐക്യമോ ഇല്ല എന്ന വസ്തുതയാണ് ഇത് വെളിപ്പെടുത്തുന്നത്.

ഐടി മേഖലയിലും മറ്റും ഉന്നത വിദ്യാഭ്യാസം നേടിയ ആയിരക്കണക്കിന് യുവജനങ്ങളുടെ പ്രതീക്ഷയാണ് മുഖ്യമന്ത്രിയും മന്ത്രിമാരും പാർട്ടി സെക്രട്ടറിയും ഉൾപ്പെട്ട വെട്ടിനിരത്തൽ മാമാങ്കത്തിൽ പൊലിഞ്ഞുപോയത്. ഈ സർക്കാരിന് ഒരു നിമിഷംപോലും അധികാരത്തിൽ തുടരുവാനുള്ള ധാർമികാവകാശം നഷ്ടമായെന്നും പി.ടി.ജോസ് കൂട്ടിച്ചേർത്തു.

ജനാധിപത്യചേരിയുടെ ശാക്തീകരണത്തിന് വ്യക്തമായ രാഷ്ട്രീയ നയവും പ്രഖ്യാപിത നിലപാടുകളുമുള്ള കേരളാ കോൺഗ്രസ് (എം)ന്റെ ശക്തിപ്പെടൽ അനിവാര്യമായിരിക്കുന്നു. പാർട്ടിയുടെ മുഖപത്രമായ പ്രതിച്ഛായയുടെ നിലനില്പും വളർച്ചയും ഓരോ പ്രവർത്തകനും തന്റെ കർമപരിപാടിയായി ഏറ്റെടുക്കണമെന്നും പി.ടി.ജോസ് പറഞ്ഞു.

ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട് അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) സംസ്ഥാന വൈസ് ചെയർമാൻ അറയ്ക്കൽ ബാലകൃഷ്ണപിള്ള, ജില്ലാ ഭാരവാഹികളായ കെ.അനിൽ, സക്കീർ ഹുസൈൻ, ഷാജിസാം പാലത്തടം, ജി.മുകുന്ദൻ നായർ, എ.ഇക്ബാൽകുട്ടി, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ഉഷാലയം ശിവരാജൻ, നിയോജകമണ്ഡലം പ്രസിഡണ്ടുമാരായ കോശി ജോർജ്, പുത്തൂർ ജോൺ, കെ.രാജൻപിള്ള, പ്രാക്കുളം പ്രകാശ്, പ്രിൻസ് ലൂക്കോസ്, ശിവപ്രസാദ് മംഗലം, ശെൽവരാജ്, ഫ്രാൻസിസ്, അഡ്വ. ഫ്രാൻസിസ് നെറ്റോ, സാബു പട്ടത്താനം, മധുകുമാർ, പൊന്നമ്മ ജയൻ എന്നിവർ സംസാരിച്ചു.

## കെ.എസ്.സി (എം) കർമപരിപാടികൾക്ക് രൂപം നല്കി

2009-2010 വർഷത്തേക്കുള്ള കെഎസ്സി (എം) കർമപരിപാടികൾക്ക് സംസ്ഥാനകമ്മിറ്റി രൂപം നല്കിയതായി പ്രസിഡണ്ട് റോണി മാത്യു.

### പരിപാടികൾ

1. മെമ്പർഷിപ്പ് അടിസ്ഥാനത്തിൽ മണ്ഡലം , നിയോജകമണ്ഡലം, ജില്ലാ കമ്മിറ്റികൾ പുന:ക്രമീകരിക്കും.

2. പ്രവേശന വർഷാരംഭത്തിൽ മെമ്പർഷിപ്പ് ക്യാമ്പെയ്ൻ സംഘടിപ്പിക്കും.

3. കലാലയങ്ങൾക്ക് മുന്നിൽ കെഎസ്സി (എം) കൊടി സ്ഥാപിക്കും.

വിദ്യാഭ്യാസമേഖലയിൽ നടത്തേണ്ട സമഗ്രപരിഷ്കാരങ്ങളെക്കുറിച്ച് മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിക്കും.

5. മലബാർ മേഖല, തലസ്ഥാന മേഖല എന്നീ രണ്ട് ക്യാമ്പുകൾ സംഘടിപ്പിക്കും.



*യുഡിഎഫ് കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വാഴൂരിൽ നല്കിയ സ്വീകരണത്തിൽ പത്തനംതിട്ട എം.പി ആന്റോ ആന്റണി പ്രസംഗിക്കുന്നു. യുഡിഎഫ് നിയോജകമണ്ഡലം ചെയർമാൻ എ.എം.ആനിത്തോട്ടം സമീപം.*



*കാൽനട യാത്രക്കാർക്കുപോലും സഞ്ചരിക്കുവാൻ കഴിയാത്തനിലയിൽ വർഷങ്ങളായി തകർന്നുകിടക്കുന്ന ഒസ്താമുക്ക്-മാലുമേൽ റോഡിന്റെ അറ്റകുറ്റപ്പണി നടത്തണമെന്നാവശ്യപ്പെട്ട് കേരളാ യൂത്ത് ഫ്രണ്ട് (എം) ശൂരനാട് മണ്ഡലം കമ്മിറ്റി നടത്തിയ ധർണ സംസ്ഥാന ജനറൽ സെക്രട്ടറി ഉഷാലയം ശിവരാജൻ ഉദ്ഘാടനം ചെയ്യുന്നു. മണ്ഡലം പ്രസിഡണ്ട് ശൂരനാട് സാബു, കെ.കെ.ദാനിയേൽ, ഇഞ്ചക്കാട് രാജൻ, കണ്ടോലിൽ മോഹനൻപിള്ള, അമ്പലത്തുംഭാഗം രാധാകൃഷ്ണൻ, നിസാർ, സി.ശിവാനന്ദൻ, അജി കമ്പലടി, ജെയ് മാത്യു, ജ്ഞാനശീലൻ, ശാസ്താംകോട്ട ഷാജി, ബി.ബൈജു, ബാബു, ബിജു, ഷെമീർ ഷാ, ഷിബു, തെങ്ങുംവിള ഷൈജു എന്നിവർ സമീപം.*

## ചെറിയാൻ സി.തോമസ്

### കുറ്റൂർ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്



കേരളാ യൂത്ത് ഫ്രണ്ട് (എം) തിരുവല്ല നിയോജകമണ്ഡലം പ്രസിഡണ്ട് ചെറിയാൻ സി.തോമസിനെ കുറ്റൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു. പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യ രണ്ടുവർഷം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആയിരുന്നു അദ്ദേഹം. കെ.എസ്.സി (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, ജില്ലാ സെക്രട്ടറി, നിയോജകമണ്ഡലം പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

2005ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കുറ്റൂർ ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ നിന്നും സിപിഎം സ്ഥാനാർത്ഥിയെ 297 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് ചെറിയാൻ വിജയിച്ചത്.

തെരഞ്ഞെടുപ്പിനു ശേഷം ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ കുറ്റൂർ മണ്ഡലം യുഡിഎഫ് ചെയർമാൻ കെ.സി.തോമസിന്റെ അധ്യക്ഷതയിൽ നടന്ന അനുമോദന സമ്മേളനം കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ചെറിയാൻ പോളച്ചിറയ്ക്കൽ ഉദ്ഘാടനം ചെയ്തു.

കേരളാ കോൺഗ്രസ് (എം) നിയോജകമണ്ഡലം പ്രസിഡണ്ട് സാം ജോസ്, യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് മജ്നു എം.രാജൻ, അഡ്വ.വർഗീസ് മാമ്മൻ, ബേബി മുളമൂട്ടിൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം ജോ ഇലഞ്ഞിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി
**(21-27 ജൂൺ 2009)**
**പി. ആർ.**



## കേരളം



21. മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി പ്രവർത്തിക്കേണ്ട മന്ത്രിമാർ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടപോലെ പെരുമാറിയാൽ ഭരണഘടനയുടെ 75 (3) അനുച്ഛേദപ്രകാരം ഗവർണർക്ക് മന്ത്രിസഭയെ തന്നെ പിരിച്ചുവിടാൻ വരെ അധികാരമുണ്ടെന്ന് ജസ്റ്റീസ് വി. ആർ.കൃഷ്ണയ്യർ.

• സ്മാർട്സിറ്റി പദ്ധതി നടപ്പാക്കുന്നില്ലെങ്കിൽ വൈദ്യുതി ബോർഡിന്റെ ഏറ്റെടുത്ത 100 ഏക്കർ ഭൂമി തിരികെ നല്കണമെന്നും അവിടെ ബ്രഹ്മപുരം പദ്ധതി പ്രാവർത്തികമാക്കുമെന്നും വൈദ്യുതിമന്ത്രി എ.കെ.ബാലൻ.



22. ഭരണഘടനയുടെ 164 (2) അനുച്ഛേദപ്രകാരം മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടെന്നും നിയമസഭ പിരിച്ചുവിട്ട് മുഖ്യമന്ത്രി ജനവിധി തേടണമെന്നും കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.



• ദേശാഭിമാനിയിൽ തന്നെ അപകീർത്തിപ്പെടുത്തുന്ന നിലയിൽ വ്യാജ ആരോപണങ്ങൾ സഹിതം ലേഖനം പ്രസിദ്ധീകരിച്ചു എന്ന് ചൂണ്ടിക്കാട്ടി ഒരു കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ജനതാദൾ (എസ്) സംസ്ഥാന അധ്യക്ഷൻ എം.പി. വീരേന്ദ്രകുമാർ ദേശാഭിമാനി പ്രസാധകൻ ഇ.പി. ജയരാജനും പത്രാധിപർ വി.വി.ദക്ഷിണാമൂർത്തിക്കും വക്കീൽ നോട്ടീസയച്ചു.

23. ലാവ്‌ലിൻ കേസിൽ തെളിവുകളില്ല എന്ന കാരണത്താൽ പ്രതി ചേർക്കാതെ ഒഴിവാക്കപ്പെട്ട മുൻ വൈദ്യുതി മന്ത്രി ജി. കാർത്തികേയൻ, ബോർഡ് മുൻ അംഗം ആർ.ഗോപാലകൃഷ്ണൻ എന്നിവർക്ക് ഗൂഢാലോചനയുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന് വീണ്ടും അന്വേഷിക്കാൻ സിബിഐ പ്രത്യേക ജഡ്ജി ഉത്തരവിട്ടു.

• കണ്ണൂരിലെ മംഗളം ഓഫീസ് മെയ് 15ന് ആക്രമിച്ചതുമായി ബന്ധപ്പെട്ട് പ്രതികളാക്കപ്പെട്ട അഞ്ച് സിപിഎം പ്രവർത്തകർ പോലീസ് സ്റ്റേഷനിൽ കീഴടങ്ങി.

24. വിഴിഞ്ഞം പദ്ധതിയുടെ നിർമാണം അനന്തമായി നീളുന്നു എന്ന കാരണം പറഞ്ഞ് ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ലാൻകോ കൊണ്ടാപ്പള്ളി കരാറിൽ നിന്നും പിൻമാറി.

• 2009ലെ പി.കേശവദേവ് സ്മാരകപുരസ്കാരത്തിന് ഡോ.ജോർജ് ഓണക്കൂറിനേയും ഡോ.ബി.ഇക്ബാലിനെയും തെരഞ്ഞെടുത്തു.



25. ആഭ്യന്തരമന്ത്രി സ്വിച്ചിട്ടാൽ നില്ക്കുന്നതല്ല പോലീസിലെ അഴിമതിയെന്ന് കേരളാ പോലീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിൽ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ.



• മന്ത്രിസഭയ്ക്കുള്ളിലെ അനൈക്യം മൂലം ഇടതുസർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളിൽ എത്തുന്നില്ലെന്നും ഇതാണു മാധ്യമങ്ങൾ ചൂണ്ടിക്കാട്ടുന്നതെന്നും ധനമന്ത്രി ഡോ. തോമസ് ഐസക്.

26. വിദ്യാഭ്യാസമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളുമായി മുന്നോട്ട് വരുന്ന യുപിഎ സർക്കാരിനെ പിന്തിപ്പൻ നയങ്ങളുമായി എതിർക്കുന്ന വിദ്യാഭ്യാസമന്ത്രി എം.എ. ബേബിയുടെ നിലപാട് വിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന് ജോസ് കെ.മാണി എം.പി.



• അഞ്ചുപേരുടെ മരണത്തിനിടയാക്കിയ ചെറിയതുറ പോലീസ് വെടിവയ്പുമായി ബന്ധപ്പെട്ട് കൃത്രിമമായി സൃഷ്ടിച്ച രേഖകൾ കണ്ടെത്തുന്നതിനായി ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ, ഡിജിപി ജേക്കബ് പുന്നൂസ് എന്നിവരുടെ വീടുകൾ റെയ്ഡ് ചെയ്യാൻ ജുഡീഷ്യൽ മജിസ്ട്രേറ്റ് ഉത്തരവ്.

• 2008-2009 സാമ്പത്തിക വർഷം സംസ്ഥാനത്ത് 4631 കോടി രൂപയുടെ വിദേശമദ്യത്തിന്റെ വില്പന നടന്നെന്നും ഇത് മുൻ വർഷത്തെക്കാൾ 961 കോടി രൂപ കൂടുതലാണെന്നും എക്സൈസ് മന്ത്രി പി.കെ.ഗുരുദാസൻ.

• മൂന്നുവർഷത്തെ ഇടതുസർക്കാർ ഭരണത്തിൻകീഴിൽ സംസ്ഥാനത്ത് 43 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നതായി ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ.

27. വിവാദമായ രാജകുമാരി ഭൂമിയിടപാടു കേസിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിലും മന്ത്രിയായിരുന്ന ടി.യു.കുരുവിളയുടെ പങ്കിന് തെളിവുകൾ ഇല്ലെന്ന് ജസ്റ്റീസ് കെ.കെ.നരേന്ദ്രൻ കമ്മീഷൻ.

• അഴിമതിക്കേസിൽ പ്രതിചേർക്കപ്പെട്ടവരെ കുറ്റവിമുക്തരാക്കേണ്ടത് ഏതെങ്കിലും പാർട്ടിയല്ലെന്നും കോടതിയാണ് അതിന് ഭരണഘടനാപരമായി ചുമതലപ്പെട്ടതെന്നും പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി.



## ദേശീയം

21. ഉത്തർപ്രദേശിലെ പിലിബിത്ത് എം.പി. വരുൺ ഗാന്ധി തെരഞ്ഞെടുപ്പ് പ്രചരണത്തിനിടെ മതസൗഹാർദം തകർക്കുന്ന രീതിയിലുള്ള പ്രസംഗം നടത്തിയതിന് തെളിവായി പോലീസ് കോടതിയിൽ ഹാജരാക്കിയ സിഡിയിലെ ശബ്ദം വരുൺഗാന്ധിയുടേതു തന്നെയാണെന്ന് ഹൈദരാബാദിലെ ഫോറൻസിക് സയൻസ് ലബോറട്ടറി റിപ്പോർട്ട്.



• ഛത്തീസ്ഗഡിലെ ദന്തെവാഡ ജില്ലയിൽ മാവോയിസ്റ്റുകൾ നടത്തിയ മൈൻ സ്ഫോടനത്തിൽ 12 സുരക്ഷാസേനാംഗങ്ങളും പ്രത്യാക്രമണത്തിൽ എട്ട് മാവോയിസ്റ്റുകളും കൊല്ലപ്പെട്ടു.

22. പശ്ചിമ ബംഗാളിലെ ലാൽഗഡ് സംഭവത്തിന്റെ പശ്ചാത്തലത്തിൽ സിപിഐ (മാവോയിസ്റ്റ്)നെ കേന്ദ്രസർക്കാർ നിരോധിച്ചു.

• രാജ്യത്തെ പാർലമെണ്ടറി ജനാധിപത്യ വ്യവസ്ഥിയിൽ വിശ്വാസമില്ലെന്നും വിപ്ലവത്തിലൂടെ യഥാർത്ഥ ജനകീയ ജനാധിപത്യം കൈവരിക്കുകയാണ് ആത്യന്തികലക്ഷ്യമെന്നും കേന്ദ്രസർക്കാർ നിരോധിച്ച സിപിഐ (മാവോയിസ്റ്റ്) നേതാവ് ഗൗർ ചക്രവർത്തി.

23. ഉത്തരാഖണ്ഡിൽ ആകെയുള്ള അഞ്ച് ലോക്സഭാ സീറ്റിലും ബിജെപി പരാജയപ്പെട്ടതിനെത്തുടർന്ന് ബി.സി. ഖണ്ഡൂരി മുഖ്യമന്ത്രിസ്ഥാനം രാജിവച്ചു.



• ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്കുണ്ടായ പരാജയത്തിന്റെ പ്രധാനകാരണം സിപിഐഎമ്മിലേയും ഇടതുമുന്നണിയിലേയും അനൈക്യവും അവിശ്വാസവുമാണെന്ന് ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്.

24. ഉന്നത വിദ്യാഭ്യാസമേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ലക്ഷ്യമാക്കി പ്രൊഫ. യശ്പാൽ സമിതി തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്രമാനവശേഷി മന്ത്രി കപിൽ സിബലിനു സമർപ്പിച്ചു.

• ബിജെപി ദേശീയ അധ്യക്ഷപദവി വീണ്ടും ഏറ്റെടുക്കാൻ താത്പര്യമില്ലെന്ന് എൽ.കെ.അദ്വാനി.



• മുൻ ആരോഗ്യമന്ത്രി രമേശ് പൊഖ്രിയാലിനെ (51) ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയായി ബിജെപി തെരഞ്ഞെടുത്തു.

25. എട്ടുവർഷത്തിനിടെ ഇന്ത്യയിൽ 1184 പോലീസ് കസ്റ്റഡി മരണങ്ങൾ ഉണ്ടായെന്നും 142 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട മഹാരാഷ്ട്രയാണ് ഒന്നാമതെന്നും ഏഷ്യൻ സെന്റർ ഫോർ ഹ്യൂമൻ റൈറ്റ്സ് റിപ്പോർട്ട്.

• പ്രമുഖ വിദ്യാഭ്യാസവിചക്ഷണനും ഹിമാചൽപ്രദേശ് സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. അനിൽ വിൽസൺ (61) നിര്യാതനായി.

• അസം ഗവർണറും പ്രമുഖ കോൺഗ്രസ് നേതാവുമായ ശിവ് ചരൺ മാഥൂർ (83) ഹൃദയാഘാതത്തെത്തുടർന്ന് അന്തരിച്ചു.

26. രാജ്യത്തെ എല്ലാ മെഡിക്കൽ കോളജുകളിലും എംബിബിഎസ് പ്രവേശനത്തിന് അടുത്തവർഷം മുതൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ പൊതുപ്രവേശന പരീക്ഷ നടത്തി മെറിറ്റ് ലിസ്റ്റ് ഉണ്ടാക്കുവാൻ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തീരുമാനിച്ചു.

• ഗുജറാത്തിലെ ഓഖ തുറമുഖത്തു നിന്നും 27 നോട്ടിക്കൽ മൈൽ അകലെ രണ്ട് സൗദി അറേബ്യൻ ചരക്കുകപ്പലുകൾ കൊടുങ്കാറ്റിൽപ്പെട്ട് മുങ്ങി.

27. 'വിമൻ ഇൻ മോഡേൺ ഇന്ത്യ' അടക്കം നിരവധി സ്ത്രീപക്ഷഗ്രന്ഥങ്ങളുടെ രചയിതാവും ഇന്ത്യയിലെ സ്ത്രീപക്ഷ പഠനങ്ങളുടെ മാതാവെന്നും അറിയപ്പെടുന്ന നീരാ ദേശായ് (84) അന്തരിച്ചു.

• ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടി അധികാരത്തിൽവന്നാൽ ബിഎസ്പി സർക്കാരിന്റെ സ്മാരകങ്ങളായി സ്ഥാപിച്ചിട്ടുള്ള മായാവതിയുടെ പ്രതിമകളെല്ലാം ബുൾഡോസർ ഉപയോഗിച്ച് തകർക്കുമെന്ന് മുലായം സിംഗ് യാദവ്.



## വിദേശം

21. അഫ്ഗാനിസ്ഥാനിലെ ബഗ്രാമിൽ യുഎസ് വ്യോമതാവളത്തിനു നേർക്ക് ഭീകരർ നടത്തിയ റോക്കറ്റാക്രമണത്തിൽ രണ്ടു യു.എസ്. സൈനികർ കൊല്ലപ്പെട്ടു.

• ചൈനയിലെ അൻഹുയിയിൽ ജിംഗ്സിൻ മൈനിംഗ് കമ്പനിയിലുണ്ടായ സ്ഫോടനത്തിൽ 16 ജീവനക്കാർ കൊല്ലപ്പെട്ടു.

22. ഇറാനിൽ പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ കൃത്രിമം ആരോപിച്ച് പ്രതിപക്ഷ കക്ഷികൾ നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് അമേരിക്ക, ബ്രിട്ടൺ എന്നീ രാജ്യങ്ങളുടെ പിന്തുണയുണ്ടെന്നും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും യു.എ.ഇ.

• എട്ടുലക്ഷത്തോളം പേർക്ക് ജീവൻ നഷ്ടപ്പെട്ട 1994ലെ റുവാണ്ട കൂട്ടക്കൊലക്കേസിൽ അന്ന് ആഭ്യന്തരമന്ത്രിയായിരുന്ന കലിസ്റ്റെ കലിമാൻഡിറയെ 30 വർഷത്തെ തടവിന് രാജ്യാന്തര ക്രിമിനൽ ട്രൈബ്യൂണൽ ശിക്ഷിച്ചു.

23. പാകിസ്ഥാനിലെ ഗോത്രവർഗമേഖലയായ ദക്ഷിണ വസീറിസ്ഥാനിൽ പാക്സൈന്യവും യുഎസിന്റെ പൈലറ്റില്ലാ വിമാനവും നടത്തിയ വ്യോമാക്രമണത്തിൽ 90 തീവ്രവാദികൾ കൊല്ലപ്പെട്ടു.

• പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ യാതൊരുവിധ തിരിമറിയും നടന്നിട്ടില്ലെന്നും അതിനാൽ തെരഞ്ഞെടുപ്പ് റദ്ദാക്കുന്ന പ്രശ്നമില്ലെന്നും ഇറാനിലെ പുരോഹിത സമിതിയായ ഗാർഡിയൻസ് കൗൺസിൽ.

24. ഇന്ത്യൻ വംശജനായ പ്രമുഖ വ്യവസായിയും ബ്രിട്ടീഷ് പ്രഭുസഭയിലെ ഡപ്യൂട്ടി സ്പീക്കറുമായ സ്വരാജ് പോളി (78)നെ ബ്രിട്ടീഷ് രാജ്ഞിയുടെ ഉപദേശക സമിതിയിലേക്ക് തിരഞ്ഞെടുത്തു.

• പാകിസ്ഥാനിൽ 1990ൽ 14 പേർ കൊല്ലപ്പെട്ട ബോംബ് സ്ഫോടനങ്ങൾക്കുത്തരവാദി എന്നാരോപിക്കപ്പെട്ട് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഇന്ത്യക്കാരൻ സരബ്ജിത് സിംഗിന്റെ വധശിക്ഷ റദ്ദാക്കണമെന്ന ഹർജി പാക് സുപ്രീം കോടതി തള്ളി.



25. അഫ്ഗാനിസ്ഥാനിലെ ഉറുഗ്സൻ, ഹെൽമണ്ട് പ്രവിശ്യകളിൽ അഫ്ഗാൻ നാറ്റോ സേനകൾ സംയുക്തമായി നടത്തിയ ആക്രമണങ്ങളിൽ 54താലിബാൻ തീവ്രവാദികൾ കൊല്ലപ്പെട്ടു.

• പാകിസ്ഥാന്റെ ഏറ്റവും വലിയ ഭീഷണി ഇന്ത്യയല്ലെന്നും താലിബാനാണെന്നും പാക് പ്രസിഡണ്ട് ആസിഫ്അലി സർദാരി ബ്രസൽസിൽ യൂറോപ്യൻ യൂണിയൻ പ്രതിനിധികളുമായുള്ള ചർച്ചയിൽ വ്യക്തമാക്കി.



26. ഇറാൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പു ഫലം റദ്ദാക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭം നടത്തുന്നവരെ അടിച്ചമർത്തരുതെന്ന അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമയുടെ പ്രസ്താവന ഇറാന്റെ ആഭ്യന്തരകാര്യത്തിലുള്ള കൈകടത്തലാണെന്നും ഒബാമയുടെ ചെയ്തികൾ മുൻഗാമി ബുഷിന്റേതിനു തുല്യമാണെന്നും അഹ്മദി നെജാദ്.



• വിഖ്യാത പോപ്ഗായകൻ മൈക്കൽ ജാക്സൺ (50) ലോസാഞ്ചൽസിലെ വസതിയിൽ ഹൃദയസ്തംഭനത്തെ തുടർന്ന് മരിച്ചു.



27. പ്രതിവർഷം 150 കോടി ഡോളർ വീതം അഞ്ചുവർഷത്തേക്ക് പാകിസ്ഥാനുള്ള സാമ്പത്തികസഹായത്തിന് യു.എസ്.സെനറ്റ് അംഗീകാരം നല്കി.

• ഇറാഖിൽ ഷിയാ തീവ്രവിഭാഗം നേതാവ് മുഖ്താദ അൽ സദറിന്റെ പ്രവർത്തന കേന്ദ്രമായ സദർസിറ്റിയിലുണ്ടായ ബോംബ് സ്ഫോടനത്തിൽ 72 മരണം.

പ്രതിച്ഛായ വാരിക
8 ജൂലൈ 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY
Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment


വിദേശക്കാഴ്ച

# ഉഗാണ്ടയിൽ സ്വേച്ഛാധിപത്യത്തിന്റെ കരിനിഴൽ വീഴുന്നുവോ?

പ്രിൻസ് രാജ്

മധ്യ ആഫ്രിക്കൻ രാഷ്ട്രമായ ഉഗാണ്ടയ്ക്ക് പീഡനത്തിന്റെയും അടിച്ചമർത്തപ്പെടലിന്റെയും കൊടിയദാരിദ്ര്യത്തിന്റെയും ഒരു ഭൂതകാലമുണ്ട്. മിൽട്ടൺ ഒബോട്ടെ, ഈദി അമിൻ എന്നീ ഉഗാണ്ടൻ ഭരണാധികാരികൾ ചരിത്രത്താളുകളിൽ ചോരപ്പാടുകൾ പതിഞ്ഞ അധ്യായങ്ങൾ എഴുതിച്ചേർത്ത മുൻനിര സ്വേച്ഛാധിപതികളാണ്. എന്നാൽ കഴിഞ്ഞ രണ്ടുപതിറ്റാണ്ടിലേറെയായി ഉഗാണ്ട വികസനത്തിന്റെയും ആഭ്യന്തര സമാധാനത്തിന്റെയും പാതയിലായിരുന്നു, യോവെരി മുസോവെനി എന്ന പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ.

ബഗാണ്ട എന്ന ഗോത്രവർഗക്കാർ സ്ഥാപിച്ച രാജ്യമായിരുന്നു ബുഗാണ്ട. 1888ൽ ഇവിടെ ആധിപത്യമുറപ്പിച്ച ബ്രിട്ടീഷുകാർ അടുത്തുള്ള മറ്റു പ്രദേശങ്ങളെക്കൂടി ബുഗാണ്ടയ്ക്കൊപ്പം ചേർത്ത് അതിനെ ഉഗാണ്ട എന്നു പുനർനാമകരണം ചെയ്തു.

കോളനികളെ എല്ലാം സ്വതന്ത്രമാക്കാനുള്ള ബ്രിട്ടന്റെ പൊതുനയത്തിന്റെ ഭാഗമായി 1962 ഒക്ടോബർ 9ന് ഉഗാണ്ടയും സ്വതന്ത്രമായി. തുടർന്ന് തെരഞ്ഞെടുപ്പ് നടത്തുകയും സ്കൂൾ അധ്യാപകനും ഉഗാണ്ടൻ പീപ്പിൾസ് കോൺഗ്രസ് (യു.പി.സി.) എന്ന സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ നേതാവുമായ ഡോ. മിൽട്ടൻ ഒബോട്ടെ പ്രധാനമന്ത്രിയായി വിജയിക്കുകയും ചെയ്തു. എന്നാൽ അധികാരത്തിലേറിയതോടെ ജനാധിപത്യ വിശ്വാസിയിൽ നിന്നും ഏകാധിപതിയിലേക്ക് ചുവടുമാറ്റിയ ഒബോട്ടെ, മുത്തേസ രണ്ടാമനെ സ്ഥാനഭ്രഷ്ടനാക്കി സ്വയം പ്രസിഡണ്ടായി പ്രഖ്യാപിച്ചു.

1971ൽ ഒബോട്ടെ വിദേശപര്യടനത്തിലായിരിക്കെ സൈന്യാധിപനായ ഈദി അമിൻ അട്ടിമറി നടത്തി പ്രസിഡണ്ടു പദമേറ്റെടുത്തു. ഉഗാണ്ടയുടെ ചരിത്രത്തിലെ ഏറ്റവും പൈശാചികമായ ഒരു കാലഘട്ടത്തിന്റെ തുടക്കമായിരുന്നു അത്. 1979ൽ ടാൻസാനിയൻ സൈന്യത്തോട് പരാജയപ്പെട്ട് രാജ്യത്തു നിന്നും പലായനം ചെയ്യുന്നതുവരെയുള്ള എട്ടുവർഷക്കാലത്തെ ഭരണത്തിനിടയിൽ മൂന്നുലക്ഷത്തിലധികം ജനങ്ങളെ ഈദി അമിൻ കൊന്നൊടുക്കി.



ഉഗാണ്ടയുടെ തലസ്ഥാനമായ കമ്പാലയുടെ ഒരു ദൃശ്യം



കോമൺവെൽത്ത് സമ്മേളനത്തിനായി ലണ്ടനിൽ എത്തിയ ഉഗാണ്ടയുടെ പ്രസിഡണ്ട് യോവെരി മുസോവെനിയും ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൻ ബ്രൗണും (2009 മാർച്ച് 9ലെ ചിത്രം)

1981ൽ ടാൻസാനിയയുടെ അനുവാദത്തോടെ മിൽട്ടൺ ഒബോട്ടെ ഉഗാണ്ടയുടെ പ്രസിഡണ്ടായി. എന്നാൽ ഏകാധിപത്യത്തിന്റെ വഴി തന്നെയാണ് ഒബോട്ടെ വീണ്ടും സ്വീകരിച്ചത്. 1985ൽ പട്ടാള മേധാവിയായിരുന്ന ടിറ്റോ ഒകെല്ലോ അട്ടിമറിയിലൂടെ പ്രസിഡണ്ടായി.

## ഏകാധിപതികളും മുസോവെനിയുടെ വളർച്ചയും

ഉഗാണ്ടയിലെ ഭരണാധികാരികൾ ഒന്നിനു പുറകെ ഒന്നായി ഏകാധിപതികളും ക്രൂരന്മാരുമായി പീഡനഭരണം തുടരുന്നതിൽ ജനങ്ങൾക്കിടയിൽ രോഷത്തിന്റെയും പ്രതിഷേധത്തിന്റെയും അഗ്നിപർവതം രൂപംകൊണ്ടു.

പശ്ചിമ ഉഗാണ്ട കേന്ദ്രീകരിച്ച് ജനാധിപത്യം, രാജ്യപുരോഗതി എന്നീ മുദ്രവാക്യങ്ങളുയർത്തി പ്രവർത്തനം ആരംഭിച്ച യോവെരി മുസോവെനിയുടെ നേതൃത്വത്തിലുള്ള ദേശീയ പ്രതിരോധ സേന (എൻ.ആർ.എ)യ്ക്ക് അവർ പിന്തുണ നല്കി. വൻശക്തിയായി മാറിയ എൻ.ആർ.എ, തലസ്ഥാനമായ കമ്പാലയിലേക്ക് മുന്നേറി. നിഷ്പ്രയാസം ഭരണം ഏറ്റെടുക്കുകയും മുസോവെനി പ്രസിണ്ടാവുകയും ചെയ്തു.

## സമാധാനവും പുരോഗതിയും അറിഞ്ഞ് ഉഗാണ്ടൻ ജനത

മുസോവെനിയുടെ പ്രസിഡണ്ടുപദത്തിലേക്കുള്ള കടന്നുവരവ് ഉഗാണ്ടയുടെ സുവർണകാലഘട്ടത്തിന് നാന്ദികുറിക്കലായിരുന്നു. രാജ്യത്ത് വ്യാപകമായിരുന്ന അഴിമതിക്കും പൊതുജനാവിന്റെ ധൂർത്തും അധികാര ദുർവിനിയോഗവും തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ മുസോവെനി സ്വീകരിച്ചു. കാർഷിക, വ്യാവസായിക മേഖലകളെ ശക്തിപ്പെടുത്തി.

വളർച്ചാനിരക്ക് ഏറ്റവും ഉയർന്ന ആഫ്രിക്കൻ രാഷ്ട്രമാക്കി ഉഗാണ്ടയെ മാറ്റി. ജനങ്ങൾക്ക് സൈര്യജീവിതവും സുരക്ഷിതത്വവും പ്രത്യാശയും കൈവന്നു. മുസോവെനി രാജ്യത്ത് പുതിയ ഭരണഘടനയുണ്ടാക്കി. വൈസ് പ്രസിഡണ്ട്, പ്രധാനമന്ത്രി എന്നിവരുണ്ടെങ്കിലും രാഷ്ട്രത്തലവനും സർക്കാർ തലവനും പ്രസിഡണ്ടാണ്. അഞ്ചുവർഷമാണ് കാലാവധി. 1996ൽ മുസോവനി തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. രാഷ്ട്രീയപാർട്ടികൾക്ക് പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിലും പാർട്ടി അടിസ്ഥാനത്തിലല്ലായിരുന്നു തെരഞ്ഞെടുപ്പ്. മുസോവെനി വൻഭൂരിപക്ഷത്തിൽ വിജയിച്ചു.







ഈദി അമിൻ

## ഏകാധിപത്യത്തിന്റെ മുന്നോടിയോ?

2001ൽ നടന്ന തെരഞ്ഞെടുപ്പിലും മുസോവെനി വിജയിച്ചു. എന്നാൽ മൂന്നാം വട്ടവും പ്രസിഡണ്ട് പദത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത് വിലക്കിക്കൊണ്ടുള്ള പ്രധാന ഭരണഘടനാ നിർദേശം ഭേദഗതി ചെയ്ത അദ്ദേഹം 2006ലെ തെരഞ്ഞെടുപ്പിലും വിജയിച്ചു. പക്ഷേ പിന്നീടുള്ള മുസോവനിയുടെയും സർക്കാരിന്റെയും പ്രവർത്തനങ്ങൾ ആശങ്കാജനകമാണ്.

വ്യാപകമായ ബുത്തുപിടുത്തവും അധികാരദുർവിനിയോഗവും നടത്തിയാണ് മുസോവനി വിജയം ആവർത്തിച്ചതെന്ന ആരോപണം ശക്തമാണ്. കൂടാതെ നിരവധി അഴിമതി ആരോപണങ്ങളും ഉയർന്നിരിക്കുന്നു. ഈ സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് ലോഡ്സ് റെസിസ്റ്റന്റ് ആർമി (എൽ.ആർ.എ.) തുടങ്ങിയ കൊടിയ ഭീകരസംഘടനകൾ ഉഗാണ്ടയുടെ വിവിധ ഭാഗങ്ങളിലായി ശക്തിപ്പെട്ടു വരുന്നത് ആ രാജ്യത്തിന്റെ സമാധാനത്തിനും പുരോഗതിയ്ക്കും വൻ ഭീഷണിയായി മാറിയിരിക്കുന്നു.

## 2006 ഫെബ്രുവരി 23ന് നടന്ന ഉഗാണ്ടൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് ഫലം

| സ്ഥാനാർത്ഥി | പാർട്ടി | ലഭിച്ച വോട്ട് | ശതമാനം |
|---|---|---|---|
| **യോവെരി മുസോവെനി** | ദേശീയ പ്രതിരോധ പ്രസ്ഥാനം (എൻ.ആർ.എം) | 41,094,49 | 59.26 |
| **കിസ്സാ ബെഡിഗ്യെ** | ഫോറം ഫോർ ഡെമോക്രാറ്റിക് ചെയ്ഞ്ച് | 25,92,954 | 37.39 |
| **ജോൺ സെബാന കിസിറ്റോ** | ഡെമോക്രാറ്റിക് പാർട്ടി | 1,09,583 | 1.58 |
| **ആബോദ് ബ്വാനിക്കാ** | സ്വതന്ത്രൻ | 65,874 | 0.95 |
| **മിറിയാ ഒസോട്ടെ** | ഉഗാണ്ടാസ് പീപ്പിൾസ് കോൺഗ്രസ് | 57,071 | 0.82 |
| **ആകെ 69,34,931 വോട്ടുകൾ** | | | |


Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.